2024 ജനുവരി - ഫെബ്രുവരി

# ക്രിസ്തീയ സോദരി




INSIDE

**അടുത്തറിയാം കുട്ടികളെ**

**ഫലം കായ്ക്കുക**

**ശരിയായി സംസാരിക്കൂ..**

Kristheeya Sodari




കവർ ചിത്രം:
എയ്ഡ്‌ലിൻ ജോർജ് പോൾ

ക്രിസ്തീയ
# സോദരി


**ദ്വൈമാസിക**
ജനുവരി - ഫെബ്രുവരി
2024

എഡിറ്റർ:
ലൗലി ജോർജ്
അസ്സോസിയേറ്റ് എഡിറ്റേഴ്സ്:
ഡോ. ഗ്രെയ്സ് ജോൺസൻ
മേരി എസ് ജോർജ്
ഷൈനി അഭിലാഷ്
ജിൻസി ജിമ്മി
ഉപദേശക സമിതി:
ഫേബ ജേക്കബ്
മറിയാമ്മ അലക്സാണ്ടർ
സാങ്കേതിക സഹായം:
കിന്നെരെത്ത് മീഡിയ

www.**sodari.in**


## ഉൾത്താളുകളിൽ




**5** അറിയാം, അടുത്തറിയാം നമ്മുടെ കുട്ടികളെ..





**10** ഫലം കായിക്കുക







**21** അലങ്കാരം

**8** ശരിയായി സംസാരിക്കൂ: ബന്ധങ്ങൾ സുദൃഢമാക്കാം


| | |
|---|---|
| ആശയവിനിമയത്തിന്റെ ഉദാത്ത മാതൃക | 03 |
| ജ്ഞാനവതിയായ അബീഗയിൽ | 13 |
| ഗുരുഭാഷ്യം | 12 |
| വെള്ളിത്താലത്തിലെ പൊൻനാരങ്ങ | 15 |
| ബൈബിൾ: ദൈവനിശ്വസ്ത തിരുവെഴുത്തുകൾ | 19 |
| രൂത്ത് (ചിത്രകഥ) | 23 |
| வெள்ளித்தட்டில் வைக்கப்பட்ட பொற்ப்பழம் | 26 |
| Talk Sensibly, Achieve great heights... | 28 |





Listen to audio version

എഡിറ്റോറിയൽ



# ആശയവിനിമയത്തിന്റെ ഉദാത്ത മാതൃക



ലൗലി ജോർജ്

ഏതൊരു ബന്ധത്തിന്റെയും ആഴം കൂട്ടുന്നത് സംസാരമാണ്. സംസാരം കുറയുമ്പോൾ ബന്ധങ്ങളും അകന്നു തുടങ്ങുന്നു. സംസാരം കൂടുമ്പോൾ പിഴവുകളും സംഭവിക്കുന്നു. മനുഷ്യബന്ധങ്ങളുടെ സുദൃഢമായ നിലനില്പിന് അനിവാര്യമായ ഘടകമാണ് ആശയവിനിമയം. ഒരു വ്യക്തിയുടെ മനസ്സിലുള്ള ചിന്തയോ വികാരമോ ആശയങ്ങളോ ഫലപ്രദമായി മറ്റൊരാളുടെ ഹൃദയത്തിലെത്തിക്കുക എന്ന മനോഹരമായ ഒരു കലയാണ് ആശയവിനിമയം എന്ന് ഈ അടുത്ത സമയത്ത് വായിക്കുകയുണ്ടായി (5 സ്നേഹഭാഷകൾ, ജോർജ് കോശി മൈലപ്ര, ഡിസി ബുക്ക്സ്). ആശയവിനിമയത്തിലെ പിഴവുകൾ കൊണ്ട് ജീവിതത്തിന്റെ താളം മാറി ലക്ഷ്യം തെറ്റി യാത്ര ചെയ്യുന്നവരാണ് മിക്ക പേരും. നാവ് നിയന്ത്രണമില്ലാതെ ഉപയോഗിക്കുന്നതാണ് പല അപകടങ്ങൾക്കും കാരണം. നാവിനെ നിയന്ത്രിക്കാൻ കഴിഞ്ഞാൽ തന്നെ ഒട്ടുമിക്ക പ്രശ്നങ്ങളും വരാതെ സൂക്ഷിക്കാനാവും.

മനുഷ്യബന്ധങ്ങളുടെ എല്ലാ തലങ്ങളിലും അത് കുടുംബജീവിതത്തിൽ മാത്രമല്ല ഔദ്യോഗിക രംഗങ്ങളിലും സാമൂഹിക മേഖലകളിലും ആത്മീക കൂട്ടായ്മകളിലും വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങൾക്കു വിള്ളലുകൾ സംഭവിക്കുന്നതിന്റെ പ്രധാന കാരണം ആശയവിനിമയം ശരിയായി വിനിയോഗിക്കുന്നതിൽ ഉണ്ടാകുന്ന അപചയമാണ്.

ഞാൻ ആരാണെന്നു വെളിപ്പെടുത്തുന്നതിൽ സംസാരം വലിയ പങ്കു വഹിക്കുന്നുണ്ട്. നമ്മുടെ വാക്കുകളിലൂടെയാണ് നാം ആരാണെന്ന് മറ്റുള്ളവർ മനസ്സിലാക്കുന്നത്. യെഹൂദന്മാർ യേശുവിനെ മഹാപുരോഹിതന്റെ വീട്ടിലേക്ക് കൊണ്ടുപോകുമ്പോൾ പത്രോസും അവരോടൊപ്പം ഉണ്ടായിരുന്നു. അവർ നടുമുറ്റത്ത് തീ കത്തിച്ച് ഇരുന്നപ്പോൾ പത്രോസും അവരുടെ കൂടെ ഇരുന്നു. ബാല്യക്കാരത്തിയായ ഒരു സ്ത്രീ അടക്കം ചിലർ നീയും ആ കൂട്ടത്തിൽ ഉള്ളവനല്ലയോ എന്നു പത്രോസിനോട് ചോദിക്കുമ്പോൾ ഞാൻ ആ കൂട്ടത്തിൽ ഉള്ളവൻ അല്ലെന്നും എനിക്കവനെ അറിയില്ലെന്നും നിങ്ങൾ പറയുന്നത് എനിക്കു തിരിയുന്നില്ല എന്നും പറഞ്ഞു പത്രോസ് ക്രിസ്തുവിനെ എല്ലാവരുടെയും മുമ്പിൽ വെച്ച് തള്ളിപ്പറഞ്ഞു രക്ഷപ്പെടുവാൻ ശ്രമിക്കുന്നതിനിടയിൽ ഒരു കാര്യം അവർ ഉറപ്പിച്ച് പറയുന്നുണ്ട് നീയും അവരുടെ കൂട്ടത്തിൽ ഉള്ളവൻ സത്യം; നിന്റെ ഉച്ചാരണവും നിന്നെ വെളിവാക്കുന്നുവല്ലോ (മത്താ:26:73). ഒരു സൂപ്പർ സ്റ്റാറിനെപ്പോലെ അവരുടെ മുമ്പിൽ തകർത്ത് അഭിനയിക്കുന്ന പത്രോസിന്റെ വാക്കുകളിൽ നിന്നും അയാൾ ആരാണെന്ന് അവർ മനസ്സിലാക്കിയിരുന്നു. നമ്മുടെ വാക്കുകൾ നമ്മെ വെളിപ്പെടുത്തും. കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യം പോലെ ആത്മികവർദ്ധനെക്കായി നല്ല വാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുത് എന്ന് ദൈവവചനം (എഫെ:4:29) നമ്മെ ഓർമ്മിപ്പിക്കുന്നു.

ആശയവിനിമയത്തിനു ഉദാത്തമായ മാതൃക ക്രിസ്തു തന്നെയാണ്. കർത്താവ് സഞ്ചരിച്ച ഇടങ്ങളിലെല്ലാം ധാരാളം ജനങ്ങൾ തന്നെ അനുഗമിച്ചിരുന്നു. ഗുരു എവിടെയുണ്ടെന്ന് അന്വേഷിച്ച് കണ്ടെത്തുന്ന സാഹചര്യവും അവർക്കിടയിൽ ഉണ്ടായിരുന്നു. തന്റെ അടുക്കൽ വരുന്നവരെ എല്ലാവരെയും അവിടുന്നു അറിഞ്ഞിരുന്നു. അവർക്ക് അവിടുന്ന് ആശ്വാസകനും സഹായകനും ആയിരുന്നു. മാത്രമല്ല അവിടുന്ന് മൊഴിയുന്ന ലാവണ്യവാക്കുകൾ അവരിൽ ആശ്ചര്യം ഉളവാക്കിയിരുന്നു. ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരു നാളും സംസാരിച്ചിട്ടില്ല എന്നു ചേവകരും നമ്മുടെ കർത്താവിനെക്കുറിച്ച് സാക്ഷ്യം പറഞ്ഞിട്ടുണ്ട് (യോഹ:7:46). നിത്യജീവന്റെ മൊഴികളാണ് ആ നാവിലുള്ളത്. അവിടുത്തെ വചസ്സുകൾ എന്നും മനുഷ്യമനസ്സുകൾക്ക് ആശ്വാസമാണ്. അവിടുന്ന് ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യനായ ദൈവമാണ് (എബ്രാ: 13:8).

ആശയവിനിമയത്തിൽ നാം പരാജയപ്പെടുന്നവരാണോ? ആശയവിനിമയം എങ്ങനെ മെച്ചപ്പെടുത്താമെന്നും, ശരിയായ ആശയവിനിമയത്തിനുള്ള വഴികൾ എന്തെല്ലാം എന്നും നാം അറിഞ്ഞിരിക്കണം. നമ്മുടെ ബന്ധങ്ങളുടെ നിലനില്പിന് വളരെ അത്യന്താപേക്ഷിതമായ ഈ വിഷയം നാം പഠിക്കുക തന്നെ വേണം. കുടുംബബന്ധങ്ങളുടെ ഭദ്രതയ്ക്കും നമ്മുടെ കുട്ടികൾ ഉയരങ്ങൾ കീഴടക്കുന്നതിനും വ്യക്തിബന്ധങ്ങളുടെ നിലനില്പിനും ഈ പഠനം സഹായകമാകും.

ആശയവിനിമയത്തെക്കുറിച്ചുള്ള ചില ചിന്തകളുമായാണ് ക്രിസ്തീയ സോദരി ഈ ലക്കം വായനക്കാരിലേക്ക് എത്തുന്നത്. കഴിഞ്ഞവർഷം ക്രിസ്തീയ സോദരിയുടെ പ്രവർത്തനങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുകയും പ്രോത്സാഹനം നല്കിയും സോദരിയെ സ്നേഹിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. ബഹുമാന്യവായനക്കാർക്ക് ക്രിസ്തീയ സോദരിയുടെ പുതുവത്സരാശംസകൾ.

അമ്മ അറിയാൻ



# അറിയാം, അടുത്തറിയാം നമ്മുടെ കുട്ടികളെ....



ഡോ. ഗ്രേസ് ജോൺസൻ

"ഒരു വ്യക്തിയിൽ നിന്ന് മറ്റൊരാളിലേക്ക് വിവരങ്ങളും ധാരണകളും കൈമാറുന്നതിനെ ആശയവിനിമയം എന്ന് നിർവ്വചിക്കാം. കുട്ടികളുടെ മുഖം വാടിയിരിക്കുമ്പോഴും അവർ സന്തോഷിക്കുമ്പോഴുമെല്ലാം എന്താണ് കാരണമെന്നു ചോദിക്കുന്നത് നല്ല ആശയവിനിമയത്തിന്റെ ലക്ഷണമാണ്. ഇത്തരം ആശയവിനിമയം നടക്കാതെ വരുമ്പോഴാണ് കുട്ടികൾ അപകടത്തിൽപ്പെടുന്നത്. ഒരു കുട്ടി ജനിക്കുമ്പോൾ മാതാപിതാക്കൾ വീണ്ടും അവരോടൊപ്പം ശൈശവ, ബാല്യ, കൗമാരത്തിലൂടെ സഞ്ചരിക്കുകയാണ് ചെയ്യുന്നത്. കുട്ടികൾ വളർന്നു വരുമ്പോൾ അവരുടെ പ്രായത്തിനനുസരിച്ച് മാതാപിതാക്കൾ ആശയവിനിമയം നടത്തണം. അല്ലെങ്കിൽ അവർ മനസ്സ് തുറന്ന് സംസാരിക്കാൻ തയ്യാറാവില്ല.

ആരോഗ്യകരമായ കുടുംബബന്ധങ്ങളുടെ നിലനില്പിന് മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള നല്ല ബന്ധം അനിവാര്യമാണ്. കുട്ടികൾക്ക് മാതാപിതാക്കളോടെന്ന പോലെ മാതാപിതാക്കൾക്ക് കുട്ടികളോടും ബഹുമാനവും അവരുടെ വ്യക്തിത്വത്തെ മാനിക്കുന്ന നല്ല പെരുമാറ്റവും നൽകാനാകും. മാതാപിതാക്കളിൽ നിന്ന് കുട്ടികൾക്ക് ലഭിക്കുന്ന കരുതലും സ്നേഹവും ബഹുമാനവും കുട്ടിയുടെ വളർച്ചയെ വലിയ രീതിയിൽ സ്വാധീനിക്കുന്നുണ്ട്. ഈ പരസ്പര ബന്ധം സൃഷ്ടിക്കാൻ സാധിക്കുന്നില്ലെങ്കിൽ കുട്ടികളെ മാതാപിതാക്കൾക്ക് ഒരുതരത്തിലും സ്വാധീനിക്കാൻ കഴിയില്ല. ഒരു കുഞ്ഞിന്റെ മസ്തിഷ്ക വികസനവും സ്വഭാവവും തീരുമാനിക്കുന്നത് മാതാപിതാക്കളും, കൂടെയുള്ള സഹോദരങ്ങളുമാണ്.

ചെറിയ പ്രായം മുതൽ തന്നേ ശ്രദ്ധ ചെലുത്തിയാൽ കുട്ടികളിൽ ഫലപ്രദമായ ആശയവിനിമയം വളർത്താൻ മാതാപിതാക്കൾക്ക് കഴിയും.

മാതാപിതാക്കളെക്കുറിച്ചുള്ള മിക്ക കുട്ടികളുടെയും മുഖ്യപരാതി 'അവർ ഞങ്ങൾ പറയുന്നത് ശ്രദ്ധിക്കുന്നില്ല' എന്നതായിരുന്നു." എന്നാൽ അത് കുട്ടികളുടെ മാത്രം പരാതിയല്ല, മാതാപിതാക്കൾക്ക് കുട്ടികളെക്കുറിച്ചും മിക്കപ്പോഴും ഇതേ പരാതിതന്നെയാണുള്ളത്.

മാതാപിതാക്കൾ അവരുടെ ആദ്യകാലങ്ങളിൽ തന്നെ തങ്ങളുടെ കുട്ടികളെ അടിസ്ഥാനപരമായ ആശയവിനിമയ കഴിവുകൾ പഠിപ്പിക്കാൻ തുടങ്ങുകയും അവർ വളരുന്നതിനനുസരിച്ച് ആ കഴിവുകൾ വികസിപ്പിക്കുകയും വേണം. മാതാപിതാക്കളുടേ മാർഗനിർദേശം കൂടാതെ കുട്ടികൾക്ക് അനുയോജ്യമായ ആശയവിനിമയ കഴിവുകൾ പഠിക്കാൻ കഴിയുമെന്ന് കരുതുന്നത് ഒരു വലിയ തെറ്റാണ്. കുഞ്ഞുങ്ങളെ ശൈശവം മുതൽ നല്ല സ്വഭാവം പരിശീലിപ്പിക്കുക എന്നത് കഠിനാധ്വാനം തന്നെയാണ്. മറ്റുള്ളവരുമായി ആശയവിനിമയം നടത്താനുള്ള മാധ്യമമാണ് ഭാഷ. ഭാഷാവികാസം എന്നത് കുട്ടികൾ ഭാഷ മനസ്സിലാക്കുകയും അത് ഉപയോഗിച്ച് ആശയവിനിമയം നടത്തുകയും ചെയ്യുന്നതാണ്.

*മാതാപിതാക്കളെക്കുറിച്ചുള്ള മിക്ക കുട്ടികളുടെയും മുഖ്യപരാതി 'അവർ ഞങ്ങൾ പറയുന്നത് ശ്രദ്ധിക്കുന്നില്ല' എന്നതായിരുന്നു*



സ്നേഹത്തോടെ നിത്യവും പരിപാലിക്കുകയും പോഷിപ്പിക്കുകയും ചെയ്യുമ്പോൾ തഴച്ചുവളരുകയും പുഷ്ടിപ്പെടുകയും ചെയ്യുന്ന ഇളം ചെടികൾ പോലെയാണ് കുട്ടികൾ. ജനനത്തിന്റെ ആദ്യനാളുകളിൽ തന്നെ കുട്ടികളിൽ ഭാഷാവികാസം ആരംഭിക്കുന്നു. കുട്ടികളിലെ ഭാഷാവികാസം വളരെ പ്രാധാന്യമുള്ളതാണ്.

കൗമാരക്കാരായ കുട്ടികളുമായി ആശയവിനിമയം നടത്തുന്ന രക്ഷിതാക്കൾക്ക് മികച്ച ആശയവിനിമയ കഴിവുകൾ വികസിപ്പിക്കാൻ അവരെ സഹായിക്കാനാകും. കൗമാരക്കാരുമായി ആശയവിനിമയം നടത്താൻ കഴിയില്ല എന്നു വിചാരിക്കരുത്. തീർച്ചയായും അതു സാധ്യമാണ്. മാതാപിതാക്കളുടെ സമീപനത്തിൽ ചില മാറ്റങ്ങൾ വരുത്തണമെന്നുമാത്രം. കുട്ടികളുടെ മൊത്തത്തിലുള്ള വികസനം രൂപപ്പെടുത്തുന്നതിൽ ആശയവിനിമയം ഒരു പ്രധാന പങ്ക് വഹിക്കുന്നു, കൂടാതെ കുട്ടികളുമായി ഫലപ്രദമായ ആശയവിനിമയത്തിന് മുൻഗണന നൽകുന്ന മാതാപിതാക്കൾക്ക് അവരുടെ ഭാവി വളർച്ചയ്ക്കും വിജയത്തിനും ശക്തമായ അടിത്തറ നൽകാൻ കഴിയും.

സൽസ്വഭാവമുള്ള മക്കളെ വളർത്തിയെടുക്കാനും പെരുമാറ്റ വൈകല്യങ്ങൾ തടയാനും മാതാപിതാക്കൾ ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നും നാം ചിന്തിക്കേണ്ടതുണ്ട്.

**സംഭാഷണം**

അവരുടെ ചിന്തകളും അനുഭവങ്ങളും ആശയങ്ങളും പങ്കിടാൻ അവരെ പ്രോത്സാഹിപ്പിക്കുക. സംസാരിക്കാനു

ള്ള ഊഴത്തിനായി കാത്തിരിക്കാനും മറ്റുള്ളവർ സംസാരിക്കുമ്പോൾ ശ്രദ്ധയോടെ കേൾക്കാനും അവരെ പ്രോത്സാഹിപ്പിക്കുക. സദസ്സിനു മുന്നിൽ ആത്മവിശ്വാസത്തോടെ സംസാരിക്കാൻ ഇത് അവരെ സഹായിക്കും. ആശയങ്ങൾ വികസിപ്പിക്കാൻ പരിശീലിക്കാനും, വിലയിരുത്താനും, വേഗത്തിൽ ചിന്തിക്കാനും, അഭിപ്രായങ്ങൾ മാന്യമായി പ്രകടിപ്പിക്കാനും, പൊതുവായ ലക്ഷ്യങ്ങൾക്കായി ഒരുമിച്ച് പ്രവർത്തിക്കാനും, ചൂടേറിയ സംഭാഷണങ്ങളിൽ സമ്മർദ്ദം നിയന്ത്രിക്കാനും ഇതു സഹായിക്കും. ഒരു സംഭാഷണത്തിൽ മാന്യമായി പ്രവേശിക്കുന്നതിനുള്ള കലയും , ആരെങ്കിലും സജീവമായ സംഭാഷണത്തിൽ ചേരുമ്പോൾ പെരുമാറേണ്ട ശരിയായ രീതിയും മാതാപിതാക്കൾ അവരുടെ കുട്ടികളെ പരിശീലിപ്പിക്കണം.

### കേൾവിക്കാരാകാം

മാതാപിതാക്കൾ ഉചിതമായ ശ്രവണ സ്വഭാവം മാതൃകയാക്കേണ്ടതുണ്ട്, അതുവഴി കുട്ടികൾ ശ്രദ്ധയോടെ കേൾക്കാനും ഉചിതമായി പ്രതികരിക്കാനും പഠിക്കും. എന്തു കാര്യമുണ്ടെങ്കിലും അച്ഛനമ്മമാരോടു പറയാനുള്ള സ്വാതന്ത്ര്യവും അടുപ്പവും കുട്ടികൾക്കുണ്ടാക്കി കൊടുക്കണം. നിങ്ങളുടെ കുട്ടിയുമായി ആശയവിനിമയം നടത്തുമ്പോൾ, നിങ്ങൾ ഊഴമുണ്ടെന്ന് ഉറപ്പാക്കുക, ശരിയായ നേത്ര സമ്പർക്കം പുലർത്തുക, അവരുടെ സജീവ പങ്കാളിത്തത്തിന് വിലമതിപ്പ് പ്രകടിപ്പിക്കുക. നല്ല ആശയവിനിമയവും മാതാപിതാക്കൾ കേൾവിക്കാരാണന്ന ബോധ്യവും ഉണ്ടെങ്കിൽ അനുസരണത്തോടെ വളർത്താൻ സാധിക്കും.

### പ്രചോദനം

നല്ല കാര്യം ചെയ്താൽ അതിനെ അപ്പോൾ തന്നെ വേണ്ടവിധം അഭിനന്ദിക്കണം. കുടുതൽ ഉയരത്തിലെത്താൻ പ്രചോദനം നൽകണം. അഭി




*കുട്ടികളുമായി ഫലപ്രദമായ ആശയവിനിമയത്തിന് മുൻഗണന നൽകുന്ന മാതാപിതാക്കൾക്ക് അവരുടെ ഭാവി വളർച്ചയ്ക്കും വിജയത്തിനും ശക്തമായ അടിത്തറ നൽകാൻ കഴിയും.*

നന്ദനവും വിമർശനവും കൃത്യമായ അളവിലും രീതിയിലുമാണ് കുട്ടികൾക്കു നൽകുന്നതെങ്കിൽ അവരുടെ സ്വാഭാവം നേർവഴിയിലക്കാം. വാക്കുകൾ എപ്പോഴും പ്രചോദനമാകണം. കുട്ടികളെ മറ്റുള്ള കുട്ടിയുമായി താരതമ്യപ്പെടുത്താ തിരിക്കുക..

നമ്മുടെ കുട്ടികൾക്ക് നമുക്ക് മാതൃക മാതാപിതാക്കളായിരിക്കാം. നമ്മൾ ചെയ്യുന്നതും പറയുന്നതുമായ കാര്യങ്ങളാണ് നമ്മുടേ കുട്ടികളുടേ സ്വഭാവമായി മാറുന്നത്. നമ്മുടെ കുട്ടിളേ എപ്പോഴും അടുത്തറിയുക. മറ്റുളവരെക്കുറിച്ചുള്ള കുറ്റവും കുറവുകളും കുട്ടികളുടെ ഉള്ളിൽ കുത്തിവയ്കാതിരിക്കുക. ചെറുപ്പത്തിൽ കുട്ടികളെ പഠിപ്പിക്കേണ്ട പ്രധാന പാഠങ്ങളിലൊന്നാണ് മറ്റുള്ളവരെ ബഹുമാനിക്കുക എന്നത്. നല്ല സുഹൃത്തായിരിക്കുക, കുട്ടികളുമായി ആശയവിനിമയം എന്നും ചെയ്യുക. എന്തു കാര്യമുണ്ടെങ്കിലും അച്ഛനമ്മമാരോടു പറയാനുള്ള സ്വാതന്ത്ര്യവും അടുപ്പവും കുട്ടികൾക്കുണ്ടാക്കി കൊടുക്കണം.


# ശരിയായി സംസാരിക്കൂ: ബന്ധങ്ങൾ സുദൃഢമാക്കാം



ഷൈനി
അഭിലാഷ്



പ്രഭാത കിരണങ്ങൾ അങ്ങിങ് വീശി വരുന്നതേയുള്ളൂ. ഒരു ചായയുമിട്ടു കണ്ണും തിരുമ്മി ഉമ്മറത്തേക്ക് വരുമ്പോഴാണ് ചായക്കോപ്പയിലെ ചൂടിനെക്കാൾ നല്ല ചൂടുള്ള വാർത്തയുമായി പത്രക്കാരന്റെ വരവും. മിക്കദിവസവും ആദ്യം കണ്ടുമുട്ടുന്ന വ്യക്തിയും അദ്ദേഹം തന്നെയായിരിക്കും. ഇപ്പോഴത്തെ പത്രവിതരണക്കാരൻ പുതിയതായി ഈ ജോലിയിൽ പ്രവേശിച്ചിട്ട് അധികമായിട്ടില്ല. സ്ഥിരമായി പത്രം മുറ്റത്തേക്കെറിഞ്ഞു അതിവേഗം ബഹുദൂരം എന്ന രീതിയിൽ അടുത്ത വീട് ലക്ഷ്യമാക്കി ഓടും. മുറ്റത്തു വീണു കിടക്കുന്ന പത്രം വേഗം പോയി എടുത്തില്ലെങ്കിൽ പെട്ടെന്ന് പെയ്യുന്ന മഴയിൽ ചൂട് വാർത്ത നനഞ്ഞു കുളിക്കും. എന്തായാലും ഇതേക്കുറിച്ച് പത്രക്കാരൻ ചേട്ടനോട് പറയണമെന്നു തന്നെ തീരുമാനിച്ചു. അദ്ദേഹം തിരികെ വരും വഴി ഞാൻ വിളിച്ചു പറഞ്ഞു “ചേട്ടാ നാളെ മുതൽ പത്രം ഇടുമ്പോൾ ചെറുതായൊന്നു മടക്കി ആ വരാന്തയിൽ എത്താൻ പാകത്തിന് ഒന്നു ഇട്ടേക്കണേ. ഭാവിയിൽ നിങ്ങൾക്കു ഒരു മാസ്റ്റേഴ്സ് അത്‌ലറ്റിക്കിൽ



ജാവ് ലിൻ എറിയാൻ അവസരം കിട്ടിയാൽ ഇതൊരു പ്രചോദനമാകട്ടെ." ചേട്ടൻ തല കുലുക്കി നന്നായി ഒന്നു ചിരിച്ചു സമ്മതം അറിയിച്ചു മടങ്ങി. പിറ്റേന്ന് മുതൽ പത്രം റബർ ബാന്റിട്ടു വരാന്തയിൽ വന്നു വീഴാൻ തുടങ്ങി. ഇപ്പോൾ പത്രത്തോടൊപ്പം റബർ ബാന്റ് ഫ്രീ. വീട്ടിലെ പല ആവശ്യങ്ങൾക്കും ഉപയോഗിക്കാമല്ലോ. ഞാനും ഹാപ്പി, അദ്ദേഹവും ഹാപ്പി.

നല്ല ആശയ വിനിമയം കൊണ്ടു സത്യത്തിൽ നമുക്കു ഉപകാരം മാത്രമേയുള്ളു. എന്നാലും നാം വായിൽ തോന്നിയത് കോതക്കു പാട്ട് എന്നതുപോലെ നേരം വെളുക്കുമ്പോൾ മുതൽ അങ്ങു തുടങ്ങും. നമ്മുടെ വീട്ടിൽ ഏറ്റവും മൂർച്ചയേറിയ ഉപകരണങ്ങൾ നാം എത്ര സൂക്ഷ്മതയോടെയാണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ നാവ് എന്ന മൂർച്ചയേറിയ ആയുധത്തെ നാം യാതൊരു നിയന്ത്രണവും ഇല്ലാതെ വിടുകയല്ലേ പലപ്പോഴും ചെയ്യുക. നാം നേരിട്ട ഏതെങ്കിലുമൊരു പ്രശ്നത്തെ ഒന്നു വിശകലനം ചെയ്തു നോക്കിയാൽ അത് സംഭവിച്ചത് 80 ശതമാനവും ആശയവിനിനയത്തിലെ അപചയം കൊണ്ടു തന്നെ ആയിരിക്കും.

എങ്ങനെയാണ് വെള്ളിത്താലത്തിലെ പൊൻ നാരങ്ങ കണക്കെയുള്ള വാക്കുകൾ നമുക്ക് ഉപയോഗിക്കാൻ കഴിയുക. ദൈനംദിന ജീവിത്തിലെ സംഭാഷണം പഠിച്ചു പറയേണ്ടതാണോ ? നമ്മുടെ സംസാരത്തിൽ എന്തെങ്കിലും പ്രശ്നമുണ്ടോ? ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. അതുവരെ ഉപയോഗിച്ചിട്ടുള്ള എല്ലാ മോശം വാക്കുകളും തീർച്ചയായും കുഴിച്ചിടേണ്ടതാണ്. എന്നിട്ടും എവിടെയൊക്കെയോ വാക്കുകൾ കൈവിട്ടു പോകുന്നു. പോയ കല്ലും വാക്കും തിരിച്ചെടുക്കാനാവില്ല എന്നാണ് പഴമൊഴി എങ്കിൽ ഇവിടെ നാം നമ്മെ തന്നെ അറിയുക എന്നതാണ്



*മെച്ചമായ ആശയവിനിമയത്തി-
ലൂടെ ബന്ധങ്ങൾ
സുദൃഢമാക്കാൻ സാധിക്കട്ടെ.*

ഏറ്റവും നല്ല പോംവഴി, ഒപ്പം മറ്റുള്ളവരെയും. നിറയെ വൈവിധ്യങ്ങളോടെയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. എല്ലാ ജീവജാലങ്ങളും ആശയ വിനിമയം ചെയ്യുന്നുണ്ട്, എങ്കിലും മനുഷ്യനാണ് അതിന്റെ ഏറ്റവും നല്ല കഴിവ് ദൈവം കൊടുത്തിരിക്കുന്നത്. അതുകൊണ്ടു തന്നെയാകണം നിങ്ങളുടെ വാക്ക് ഉവ്വ് ഉവ്വ് എന്നും ഇല്ല ഇല്ല എന്നും, ഉപ്പു കൊണ്ടു രുചി വരുത്തണം എന്നെല്ലാം തിരുവചനം നിഷ്കർച്ചിരിക്കുന്നത്. നമ്മുടെ സംഭാഷണത്തെ ശരിയായ രീതിയിൽ കൊണ്ടു വരികയാണെങ്കിൽ അതു നിർത്താതെ മുന്നോട്ടു പോകുവാൻ സാധിക്കും. നേർരേഖയിൽ സംഭാഷണത്തെ കൊണ്ടുവരണം. എന്നാൽ അധികവും നമ്മുടെ സംഭാഷണങ്ങൾ വിരുദ്ധ സംഭാഷണമായി മാറുകയാണ്. മാറ്റങ്ങൾ അനിവാര്യമായ ഈ ലോകത്തിൽ നല്ല സംഭാഷണ രീതി അവലംബിക്കാം. മെച്ചമായ ആശയവിനിമയത്തിലൂടെ ബന്ധങ്ങൾ സുദൃഢമാക്കാൻ ഈ പുതിയ വർഷത്തിൽ നമുക്കോരോരുത്തർക്കും സാധിക്കട്ടെ.



വേദപഠനം

നിങ്ങൾ വളരെ ഫലം കായിക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു. അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും (യോഹ:15:8).

# ഫലം കായിക്കുക



ഫാനി സ്റ്റാൻലി

ഒരു തോട്ടത്തിന്റെ ഉടമസ്ഥന് ധാരാളം സന്തോഷം ഉണ്ടാക്കുന്ന രണ്ടു സന്ദർഭങ്ങൾ ഉണ്ട്. ഒന്ന്, മരങ്ങൾ പുഷ്പിച്ച് തോട്ടം മുഴുവനും മനോഹരമായി പ്രത്യക്ഷപ്പെടുന്ന സന്ദർഭം. രണ്ട്, കായ്കൾ പഴുത്ത് പാകമാക്കുന്ന സന്ദർഭം.

അതുപോലെ ആത്മീകജീവൻ പ്രാപിച്ച വിശ്വാസി, ദൈവകൃപ അനുഭവിക്കുന്ന അവസ്ഥയും അവൻ പ്രാപിച്ച കൃപ ആത്മീകഫലങ്ങളായി രൂപാന്തരപ്പെടുന്ന അവസ്ഥയും എന്നിങ്ങനെ രണ്ട് സന്ദർഭങ്ങൾ ഓരോ വിശ്വാസിയുടെ ജീവിതത്തിലും ഉണ്ട്.

ഫലം പുറപ്പെടുവിക്കണമെങ്കിൽ ഓരോ കൊമ്പും മുന്തിരിവള്ളിയിൽ വസിക്കേണം, വർദ്ധിച്ചുകൊണ്ടേയിരിക്കണം. അത്മാവിന്റെ ഫലം സ്നേഹമാണ് (ഗലാ:5:22,23). അത്മാവിന്റെ ഫലം എങ്ങനെയാണ് പ്രവൃത്തിപഥത്തിൽ കൊണ്ടുവരേണ്ടത് ? (റോമ:12:1, 2). ഈ വചനപ്രകാരം ബോധപൂർവ്വം നമ്മെത്തന്നെ തുടർമാനമായി പരിശുദ്ധാത്മ നിയന്ത്രണത്തിനായി സമർപ്പിച്ചുകൊണ്ടേയിരിക്കുക. ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുവാൻ വിശ്വാസത്തോടെ പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുക.

**സ്നേഹം:** ഉപാധി കൂടാതെ, അപരൻ ആര് തന്നെയായാലും അദ്ദേഹത്തിന്റെ ഗുണത്തിനായി ബലിയായിത്തീരുന്നതാണ് സ്നേഹം (റോമ:5:8).

ദൈവസ്നേഹം (Agape): ഗുണവാനല്ലാത്ത മറ്റൊരാൾക്ക് വേണ്ടി സ്വയം ബലിയായിത്തീരുന്നതാണ് അതിന്റെ അത്യുച്ചകോടി. ക്രിസ്തുവിന്റെ സ്നേഹം. എന്തു ചെയ്യുന്നു, ചെയ്യുന്നില്ല എന്ന് 1. കൊരി 13 -ൽ നാം വായിക്കുന്നു.

**സന്തോഷം:** ജീവിതത്തിലെ ഏത് സാഹചര്യമായാലും ദൈവാശ്രയത്തിലും സഖിത്വത്തിലും സ്വർഗ്ഗം അനുഭവിക്കുമ്പോൾ ഉണ്ടാകുന്ന ആന്തരീകാനുഭവമാണ് ക്രിസ്തീയ സന്തോഷം (ഫിലി : 4: 4 - 7). ക്രിസ്തീയ സന്തോഷത്തിന്റെ അടിസ്ഥാനം ദൈവകൃപയാണ്. ആനന്ദം ഒരു സന്ദർഭത്തോട് ബന്ധപ്പെട്ട് ഉണ്ടാകുന്നതാണെങ്കിൽ, സന്തോഷം എപ്പോഴും തുടരുന്നതാണ്.

**സമാധാനം:** യഥാർത്ഥ സമാധാനത്തിന്റെ ദാതാവ് ദൈവമാണ്. ഏതവസ്ഥയിലും യാതൊരു നിരാശയും വ്യാകുലതയും ഇല്ലാതെ, ബാഹ്യവും ആന്തരികവുമായ സ്വസ്ഥത അനുഭവിക്കുന്നതാണ് സമാധാനം. സമാധാനം പ്രാപിക്കണം (യോഹ:14;27), അനുഭവിക്കണം (2. കൊരി : 13: 11), ഉണ്ടാക്കണം (മത്താ: 5:9), ആശിക്കണം (2. പത്രോ:3:14), പ്രസംഗിക്കണം (എഫെ:6:15,16).

**ദീർഘക്ഷമ:** വിവരങ്ങൾക്കോ, പ്രവർത്തനങ്ങൾക്കോ ഇടം നല്കുന്നതിനു മുമ്പ് മനസ്സിനെ ദീർഘമായി നിയന്ത്രിച്ച് നിറുത്തുന്നതിനെയാണ് ദീർഘക്ഷമ എന്ന് പറയുന്നത്.

**ദയ:** ഒരുവന്റെ നിസ്സഹായവസ്ഥയിൽ അവൻ ചെയ്യുന്ന ക്രിയാത്മകമായ, രചനാത്മകമായ അനുകമ്പയ്ക്ക് ദയ എന്നു പറയാം. ലോകത്തോടുള്ള ബന്ധത്തിൽ നമ്മുടെ ഉത്തരവാദിത്തം വെളിപ്പെടുത്തുന്ന വിഷയമാണ് ദയ. ഒരുവന് ദൈവം തന്നിട്ടുള്ള സ്രോതസ്സുകൾ, നന്മകൾ എന്നിവ മറ്റുള്ളവരുടെ ആവശ്യങ്ങൾക്കു കൂടെ പ്രയോജനപ്പെടുത്തുമ്പോൾ ദയ പ്രതിഫലിക്കുന്നു. പ്രതിഫലേച്ഛയില്ലാതെ, പ്രതികാരമനോഭാവമില്ലാതെ രഹസ്യമായി ദയ കാണിക്കേണം.

**പരോപകാരം:** ദയയിൽ നിന്ന് ഉത്ഭവിക്കുന്ന സൽപ്രവൃത്തിയാണ് പരോപകാരം. നന്മ, ലോകത്തിൽ ദൈവം നമ്മെ ആക്കിവെച്ചിരിക്കുന്നതിന്റെ ഒരു പ്രധാന ഉദ്ദേശമാണ് നന്മ ചെയ്യുക എന്നത് (ഗലാ:6:10). നന്മ വാങ്ങുവാനുള്ളതല്ല, കൊടുക്കുവാനുള്ളതാണ്.

*ഫലം പുറപ്പെടുവിക്കണമെങ്കിൽ ഓരോ കൊമ്പും മുന്തിരിവള്ളിയിൽ വസിക്കേണം, വർദ്ധിച്ചുകൊണ്ടേയിരിക്കണം.*





❝

*ദൈവാശ്രയത്തിലും സഖിത്വത്തിലും സ്വർഗ്ഗം അനുഭവിക്കുമ്പോൾ ഉണ്ടാകുന്ന ആന്തരീ-കാനുഭവമാണ് ക്രി-സ്തീയ സന്തോഷം*

**വിശ്വസ്ഥത:** ജീവിതത്തിന്റെ എല്ലാ മേഖലകളിലും ദൈവത്തോടും മനുഷ്യനോടും നമുക്കുള്ള കടപ്പാടുകളിൽ ആത്മാർത്ഥവും സത്യസന്ധവുമായി നാം പുലർത്തുന്ന മാനസികാവസ്ഥയെ വിശ്വസ്തത എന്നു വിളിക്കാം.

**സൗമ്യത:** എന്നും പഠിക്കാനുള്ള മനോഭാവം (മത്താ:11:28). പ്രകോപനം ഉണ്ടാകുന്ന ഏതവസ്ഥയിലും ശാന്തമായിരിക്കുക. മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠനെന്ന് എണ്ണുന്നതാണ് താഴ്മ (ഫിലി: 2:3).

**ഇന്ദ്രിയജയം:** പാപപ്രകൃതിക്ക് എതിരായും ദൈവപ്രമാണത്തിന് അനുകൂലമായും ദൈവമക്കൾ തങ്ങളെത്തന്നെ നിയന്ത്രിക്കുന്നതിന് ഇന്ദ്രിയജയം എന്നു പറയാം (1.യോഹ:3:3,4).

ഭക്ഷണപാനീയങ്ങളുടെ മേൽ നിയന്ത്രണം (ദാനി:1:18).

വിവാഹേതര ലൈംഗികവികാരങ്ങളുടെ മേൽ നിയന്ത്രണം (ഉല്പ:39:1)

ചിന്തകളുടെ മേൽ നിയന്ത്രണം (2.കൊരി:10:5)

ആകുലചിന്തകളുടെ മേൽ നിയന്ത്രണം (ഫിലി:4:6)

## ഫലം കായിക്കുന്നതിന്റെ വ്യവസ്ഥകൾ

**ക്രിസ്തുവിൽ വസിക്കുക** (യോഹ:15:4): വ്യക്തിപരമായ വചനധ്യാനത്തിലൂടെയും പ്രാർത്ഥനയിലൂടെയും നാം ക്രിസ്തുവിൽ വസിക്കുന്നു.

**ആറ്ററികത്ത് നിൽക്കുക** (സങ്കി:1:3) : ദൈവവചനമെന്ന ആറ്ററികെ നില്ക്കണം. വചനം രാവും പകലും ധ്യാനമാക്കുന്ന മറ്റുള്ളവർക്ക് തണലേകുന്ന ഒരു ഭക്തന്റെ ജീവിതമാണ് ഈ ഫലവൃക്ഷം.

**ചെത്തി വെടിപ്പാക്കുക** (യോഹ:15:2): ശോധനയിലൂടെ കടക്കുന്ന വിശ്വാസിയാണ് അധികം ഫലം പുറപ്പെടുവിക്കുന്നത്.

## ഫലം കായിക്കുന്ന വിധങ്ങൾ:

**യേശുക്രിസ്തുവിൽ നീതിഫലം** നിറഞ്ഞവരാകേണം (ഫിലി: 1:11)

**സകലപ്രവൃത്തിയിലും** ഫലം കായിക്കുക (കൊലോ:1:10)

**അധരഫലം** എന്ന സ്തോത്രയാഗം (എബ്രാ:13:15)

**സുവിശേഷവേലയിൽ** സാമ്പത്തിക പങ്കാളിത്തം വഹിക്കുക . നിങ്ങളുടെ കണക്കിലേക്ക് ഏറുന്ന ഫലം (ഫിലി: 4:14, 15)

എന്റെ **വേലയ്ക്ക് ഫലം**: മറ്റുള്ളവരുടെ ആത്മരക്ഷയ്ക്കും വിശ്വാസത്തിന്റെ അഭിവൃദ്ധിക്കും.



വേദപുസ്തകത്തിലെ സ്ത്രീകഥാപാത്രങ്ങൾ

# ജ്ഞാനവതിയായ അബീഗയിൽ

## വിവേകത്തിന്റെയും ധൈര്യത്തിന്റെയും ആൾരൂപം



ജിൻസി ജിമ്മി

അസാധാരണമായ ജ്ഞാനത്തിന്റെയും ധൈര്യത്തിന്റെയും ഒരു ആവിഷ്ക്കാരമാണ് ബൈബിളിലെ അബീഗയിൽ എന്ന സ്ത്രീ. വിവേകത്തിന്റെയും കൃപയുടെയും ഒരു ഉത്തമ ഉദാഹരണമായി അവളെ ചിത്രീകരിച്ചിരിക്കുന്നു. ശമൂവേലിന്റെ ഒന്നാം പുസ്തകത്തിലാണ് അവളുടെ ജ്ഞാനത്തെയും മനസ്സാന്നിധ്യത്തെയുംക്കുറിച്ച് വിവരിച്ചിരിക്കുന്നത്. പ്രതികൂലത്തിന്റെയും ഭീതിയുടെയും ആശങ്കയുടെയും മധ്യേ അബീഗയിലിന്റെ ജ്ഞാനം, പ്രത്യാശയുടെയും പ്രശ്നപരിഹാരത്തിന്റെയും സമാധാനത്തിന്റെയും ഒരു മാർഗ്ഗനിർദേശമായി മാറി.

» 25

സമ്പന്നനെന്നാലും നിഷ്ഠൂരനും ബുദ്ധിഹീനനുമായ നാബാൽ എന്ന വ്യക്തിയുടെ ഭാര്യയായാണ് നാം അബീഗയിലിനെ ആദ്യം കാണുന്നത്. വളരെ അത്യാവശ്യഘട്ടത്തിൽ ദാവീദും അവന്റെ ആളുകളും നാബാലിനെ സമീപിച്ചപ്പോൾ ക്രൂരതയോടുകൂടെ അവരെ ആട്ടിപ്പായിക്കുകയാണ് നാബാൽ ചെയ്തത്. അതും നാബാലിനെ വളരെ ആപത്ഘട്ടത്തിൽ സഹായിച്ച ആളുകളോട് തന്നെയാണ് ഇത് ചെയ്തതെന്നും ഓർക്കണം. നാബാലിന്റെ ഈ അവഗണന ദാവീദിന്റെ ഉള്ളിലെ കോപത്തെ ഉണർത്തി. നാബാലിന്റെ കുടുംബത്തോട് ഒന്നടങ്കം പ്രതികാരം ചെയ്യുവാൻ ദാവീദ് മനസ്സിൽ നിശ്ചയിച്ചു.

*പ്രതികൂലങ്ങൾ വരുമ്പോൾ ഓടിയൊളിക്കാതെ ധീരതയോടെ നേരിടുവാൻ ദൈവത്തിൽ നിന്നുള്ള ജ്ഞാനം അത്യന്താപേക്ഷിതമാണ്..*

ഈ അവസരത്തിൽ വരാൻ പോകുന്ന അപകടത്തെ മുൻകണ്ടുകൊണ്ട് നാബാലിന്റെ ഭാര്യയായ അബീഗയിൽ വളരെ ശ്രദ്ധാപൂർവ്വം, ചിന്തയോടെ നീങ്ങി. തന്റെ ഭർത്താവിന്റെ ബുദ്ധിഹീനത വരുത്തുവാൻ പോകുന്ന വിനാശത്തെ മുൻകണ്ടുകൊണ്ട് അവൾ വളരെ ബുദ്ധിപൂർവ്വം കരുക്കൾ നീക്കി. അവളുടെ അവശ്വസിനീയമായ ജ്ഞാനവും ധീരതയും വളരെ വേഗം പ്രവർത്തനനിരതമായി. ദാവീദിനെ വഴിമധ്യേ സന്ധിച്ച അവൾ, അവനെ അനുനയിപ്പിക്കുന്നതിനായി ക്ഷമ ചോദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു.

അബീഗയിൽ ദാവീദിനോട് പറയുന്ന വാക്കുകളിൽ നിന്ന് അവളുടെ താഴ്മയും, ആലോചനാശക്തിയും, ജ്ഞാനവും വളരെ പ്രകടമാണ്. ദാവീദിന്റെ നേതൃത്വത്തെ അവൾ അംഗീകരിച്ച് സംസാരിച്ചു എന്ന് മാത്രമല്ല, ഒരു രക്തച്ചൊരിച്ചിൽ ഒഴിവാക്കുന്നതിനായി വളരെ വിനയത്തോടെ ക്ഷമ യാചിക്കുകയും ചെയ്യുന്നു. അബീഗയിലിന്റെ ഈ ജ്ഞാനപ്രവർത്തിക്ക് ഫലം കണ്ടു. ഒരു രക്തച്ചൊരിച്ചിലിനെ അവൾ ഒഴിവാക്കി എന്ന് മാത്രമല്ല, ദാവീദിന്റെ ബഹുമാനത്തിനും പുകഴ്ചയ്ക്കും അവൾ പാത്രമാവുകയും ചെയ്തു.

കേവലം വാക്കുകളിൽ നിന്ന് മാത്രമല്ല അബീഗയിലിന്റെ ജ്ഞാനം നമുക്ക് കാണാൻ സാധിക്കുന്നത്. മറിച്ച് സാഹചര്യങ്ങളെ മനസ്സിലാക്കി ആശങ്കകളുടെ നടുവിലും വളരെ ബുദ്ധിപൂർവ്വം പ്രവർത്തിച്ചതിലൂടെയാണ്. വിവേകത്തോടൊപ്പം തന്നെ അനുകമ്പയും നീതിബോധവും അവളുടെ പ്രവർത്തികളിൽ നിറഞ്ഞു നിന്നിരുന്നു.

ജീവിതത്തിൽ കഷ്ടതകളുടെയും ഭീതിയുടെയും അവസരങ്ങൾ വരുമ്പോൾ അവയെ എങ്ങനെ ധൈര്യപൂർവ്വം, വിവേകത്തോടെ നേരിടാം എന്നതിന് ഒരു ഉത്തമ ഉദാഹരണമാണ് അബീഗയിൽ എന്ന സ്ത്രീയുടെ ജീവിതം. പ്രതികൂലങ്ങൾ വരുമ്പോൾ ഓടിയൊളിക്കാതെ ധീരതയോടെ നേരിടുവാൻ ദൈവത്തിൽ നിന്നുള്ള ജ്ഞാനം അത്യന്താപേക്ഷിതമാണെന്ന് അബീഗയിലിന്റെ ജീവിതം ചൂണ്ടിക്കാണിക്കുന്നു.

അബീഗയിൽ എന്ന സ്ത്രീ ജ്ഞാനം, ധീരത, അനുകമ്പ എന്നീ മൂല്യങ്ങളുടെ ഒരു തെളിവായി ഇന്നും നിലകൊള്ളുന്നു. ഏതൊരു വൈഷമ്യഘട്ടത്തിന്റെ നടുവിലും ബുദ്ധിപൂർവ്വം പെരുമാറുവാൻ ഓരോരുത്തരെയും സജ്ജരാക്കിക്കൊണ്ട് അബീഗയിൽ എന്ന സ്ത്രീയുടെ ജീവിതാനുഭവം തലമുറകളായി പകരപ്പെട്ടുകൊണ്ടിരിക്കുന്നു.

# "വെള്ളിത്താലത്തിലെ പൊൻനാരങ്ങ"



കുഞ്ഞുചിന്ത



മേരി എസ്
ജോർജ്

ഗീതേ, ഗീതേ, ബ്രേക്ഫാസ്റ്റ് ഇനിയും എടുത്തു വെച്ചില്ലേ? സ്റ്റെപ്പുകൾ ഇറങ്ങുന്നതിനിടയിൽ ജെറി ഉറക്കെ വിളിച്ചു പറഞ്ഞു. എനിക്ക് 8.30 ന് സ്പെഷ്യൽ ക്ലാസ്സുണ്ടെന്ന് പറഞ്ഞിരുന്നതല്ലേ?.

ഗീത: ജെറി മോനെ.. ദാ കൊണ്ടു വരുന്നു..

ജെറി: ഓ.. നിന്റെ ചട്ടുകാലും വെച്ച് കൊണ്ടുവരുമ്പോഴേക്കും എന്റെ ബസ്സ് പോകും.. ജെറിയുടെ ഉച്ചത്തിലുള്ള സംസാരം കേട്ടുകൊണ്ട് അമ്മാമ്മ മുറിയിൽ നിന്ന് ഇറങ്ങി വന്നു..

അമ്മാമ : " ജെറി മോനെ. നിന്നോട് എത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ട് അവളെ പേര് വിളിക്കരുതെന്നും അവളോട് ഇങ്ങനെ സംസാരിക്കുന്നതെന്നും" ജെറി: ഓ.. അമ്മാമ്മ ഉപദേശം തുടങ്ങി.. എന്നെ ആരും ഉപദേശിക്കേണ്ട.. എനിക്ക് ഇഷ്ടമുള്ളത് വിളിക്കും, പറയും".. അമ്മാമ : "കേട്ടില്ലേ അവൻ തർക്കുത്തരം പറയുന്നത്? എട്ടാം ക്ലാസ്സിലാണ് പഠിക്കുന്നതെങ്കിലും വലിയ കാരണവന്മാരെ പോലെയാ വർത്തമാനം.. ആരോട് എങ്ങനെ എപ്പോൾ സംസാരിക്കണം എന്ന് ഒന്നും അറിയില്ല... ഒന്നേയുള്ളു എന്ന് വെച്ച് ഒരുപാട് വാത്സല്യത്തോടെ വളർത്തിയതിന്റെ കുഴപ്പമാ"..

ജെറി: മതി..മതി..അമ്മാമ്മ ഒന്ന് നിർത്തുന്നുണ്ടോ? ദേഷ്യത്തോടെ ജെറി കസേര വലിച്ചിട്ട് ഇരുന്നു കഴിച്ചു തുടങ്ങി.. ഗീതേ, നീ ഇത് മനസ്സിൽ വയ്ക്കേണ്ട കേട്ടോ.. അമ്മാമ്മ ഗീതയെ ആശ്വസിപ്പിക്കുവാൻ പറഞ്ഞു..

ഗീത: "സാരമില്ല അമ്മാമ്മേ എനിക്ക് ഒരു വിഷമവും ഇല്ല.. ഗീത മെല്ലെ അടുക്കളയിലേക്ക് പോയി..

ജെറി മോൻ വളരെ ചെറുപ്പമായിരുന്നപ്പോൾ തന്നെ വീട്ടിൽ സഹായത്തിനു വന്നതാണ് ഗീത.. അന്നൊക്കെ രാവിലെ വന്നിട്ട് വൈകിട്ട് പോകുമായിരുന്നു.. എന്നാൽ ജെറി മോന്റെ ഡാഡിയും മമ്മിയും കാനഡയ്ക്ക് പോയപ്പോൾ, അപ്പാപ്പനും അമ്മാമ്മയ്ക്കും കൂട്ടായും ജെറി മോനെ നോക്കുവാനും കൂടി ഗീത വീട്ടിൽ സ്ഥിരതാമസമായി. ഇപ്പോൾ വീട്ടിലെ ഒരു അംഗത്തെപ്പോലെയാണ് അവൾ..എല്ലാ കാര്യങ്ങളും വളരെ വിശ്വസ്തതയോടെ ചെയ്യും. ചെറുപ്പത്തിൽ ഒരു പനി വന്നു ഒരു കാല് തളർന്നുപോയി, എങ്കിലും ഒറ്റ കാലിൽ ഓടി നടന്നു പണികളെല്ലാം ചെയ്യും.. ജെറി എപ്പോ



ഴും ഓരോന്ന് പറഞ്ഞ് അവളെ കളിയാക്കും.. അതിന് അപ്പാപ്പനും അമ്മാമ്മയും ജെറിയെ എന്നും വഴക്ക് പറയും.. എന്തിനും ഏതിനും തർക്കുത്തരമേ പറയൂ.. ഡാഡിയും മമ്മിയും കൂടെ ഇല്ലാത്തതുകൊണ്ട് അവന് ആരെയും പേടിയില്ല.. ഈ കുട്ടിയെ ഇനി ആരു പറഞ്ഞു നന്നാക്കുമോ ആവോ? അമ്മാമ്മ മുകളിലോട്ട് നോക്കി നെടുവീർപ്പിട്ടു. ജെറി ബ്രേക്ക് ഫാസ്റ്റ് കഴിച്ചു ബാഗും എടുത്ത് മുറ്റത്തേക്കിറങ്ങി.. അപ്പോഴേക്കും സ്കൂൾ ബസ്സ് വന്നു.

ബസ്സ് ഇറങ്ങി സ്കൂളിന്റെ പടിക്കെട്ടുകൾ കയറി ഉച്ചത്തിൽ ബഹളം വെച്ച് ജെറിയും കൂട്ടുകാരും ക്ലാസ്സിൽ കയറി. അപ്പോൾ സാം മാത്യു തലേദിവസം ബോർഡിൽ എഴുതിയിരുന്നത് മായ്ച്ചു കൊണ്ടിരിക്കുകയായിരുന്നു. മുകളിലത്തെ ലൈനിൽ എഴുതിയിരുന്നത് മായ്ക്കുവാൻ അവൻ വളരെ പാടുപെട്ടു.. കാരണം ആ ക്ലാസ്സിലെ ഏറ്റവും ഉയരം കുറഞ്ഞ കുട്ടിയാണ് സാം. എന്നാൽ പഠനത്തിൽ അതിസമർത്ഥനും. അവൻ ചെറുതായതുകൊണ്ട് അവനെ "സാമുണ്ട" എന്നാണ് ജെറിയും സംഘവും വിളിക്കുന്നത്. സാം വലിഞ്ഞു ബോർഡു മായ്ക്കുന്നത് കണ്ട് ജെറി ഉച്ചത്തിൽ ചിരിച്ചു.. എന്നിട്ട് കൂട്ടത്തിൽ ഉള്ളവരോട് പറഞ്ഞു..ടാ... ഒരു ഗോവണി എടുത്തു കൊണ്ട് കൊടുക്കടാ.. നമ്മുടെ സാമുണ്ടയ്ക്ക് ". ഇത് കേട്ട് ക്ലാസ്സിലെ പെൺകുട്ടികളടക്കം എല്ലാവരും ഉച്ചത്തിൽ ചിരിച്ചു.. അപ്പോഴാണ് ക്ലാസ്സ് ടീച്ചർ വർഗീസ് സാർ അങ്ങോട്ട് വന്നത്.

സൈലൻസ്... സൈലൻസ്.. "എന്താ ഇവിടെ ഇത്ര ബഹളം? സാർ തിരക്കി.. മാളവിക ഉണ്ടായ സംഭവം സാറിനെ പറഞ്ഞു കേൾപ്പിച്ചു.. സാർ എല്ലാ കുട്ടികളെയും ഒന്നു നോക്കിയിട്ട് ജെറിയോട് പറഞ്ഞു,

"ജെറി നീ ഉച്ചയ്ക്ക് ഊണ് കഴിഞ്ഞ് എന്നെ വന്ന് കാണണം".. ജെറി തലയാട്ടി.

ജെറി വേഗം ഊണ് കഴിഞ്ഞ് സ്റ്റാഫ് റൂമിലെത്തി.. അവർ രണ്ടുപേരും അവിടെ അടുത്തുള്ള മരത്തിന്റെ ചുവട്ടിലെ ഒരു സിമന്റ് ബെഞ്ചിൽ ഇരുന്നു..

സാർ: ജെറിയുടെ വീട്ടിൽ ആരൊക്കെയുണ്ട്? ജെറി: അപ്പാപ്പനും അമ്മാമ്മയും ഗീതയും.. സാർ: ആരാണ് ഗീത? വീട്ടിലെ ജോലിക്കാരിയാ...

സാർ: ജെറിയെക്കാൾ മൂത്തതാണോ?

ജെറി: അതെ എന്നെക്കാൾ ഒരുപാട് വയസ്സിനു മൂത്തതാ.. സാർ: എന്നിട്ട് ജെറി അവരെ പേരാണോ വിളിക്കുന്നത്?

പിന്നെ..ജെറിയുടെ മാതാപിതാക്കൾ?

ജെറി: എന്റെ ഡാഡിക്കും മമ്മിക്കും കാനഡയിലാണ് ജോലി ഞാൻ കുഞ്ഞായിരുന്നപ്പോൾ അവർ പോയതാണ്...

സാർ: ഓ.. ശരി.. ശരി.. പിന്നെ ജെറിയെക്കുറിച്ച് ഞാൻ കേട്ടതെല്ലാം ശരിയാണോ? ജെറി എല്ലാവരോടും തർക്കുത്തരം പറയും, എല്ലാവരേയും കളിയാക്കും എന്നൊക്കെ.. ജെറി ഒന്നും മിണ്ടാതെ താഴെ നോക്കിയിരുന്നു. ജെറി സാമിനോട് അങ്ങനെ സംസാരിച്ചത്, അവനെ എന്തുമാത്രം വേദനിപ്പിച്ചിട്ടുണ്ടാകും എന്ന് ജെറി എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

ദൈവപുത്രനായ യേശു കർത്താവിനെ യഹൂദന്മാർ കുറ്റം വിധിച്ച്, യേശുവിന് എതിരായി കള്ള സാക്ഷികളെക്കൊണ്ട് പറയിച്ചപ്പോഴെല്ലാം.. യേശു ഒരക്ഷരം പോലും മിണ്ടാതെ മൗനമായിരുന്നു.. യേശു കർത്താവിനു വേണമെങ്കിൽ അതെല്ലാം നിഷേധിക്കാമായിരുന്നു.. അല്ലെങ്കിൽ അതിനെല്ലാം തർക്കുത്തരം പറയാമായിരുന്നു.. പക്ഷേ പാപികളായ മനുഷ്യരുടെ രക്ഷയ്ക്കു വേണ്ടി, യേശു തന്നെത്താൻ താഴ്ത്തി മൗനമായിരുന്നു.

ഞാൻ പറയുന്നത് ജെറിക്ക് മനസ്സിലാകുന്നുണ്ടോ? സൺഡേ സ്കൂളിൽ പഠിച്ച കാര്യങ്ങൾ അവന്റെ മനസ്സിൽ



കൂടി കടന്നുപോയി... അവന്റെ മനസ്സിൽ വല്ലാത്ത കുറ്റബോധം തോന്നി.. മറ്റുള്ളവരെ കളിയാക്കിയതും അവരോട് ബഹുമാനം ഇല്ലാതെ സംസാരിച്ചതും, ക്ലാസിലെ കുട്ടികളെ കളിയാക്കുന്നതും എല്ലാം ഓർത്തപ്പോൾ ജെറി പൊട്ടിക്കരഞ്ഞു. "സാർ"...എന്നോട് ക്ഷമിക്കണം.. ഞാൻ ഇനി ആരെയും വേദനിപ്പിക്കില്ല, ആരെയും കളിയാക്കില്ല".. ഈ വാക്കുകൾ അവന്റെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നും വന്നതാണെന്ന് സാറിന് മനസ്സിലായി. സാർ അവനെ ചേർത്തുപിടിച്ചു..

നല്ല സംസാരത്തിന് വേദപുസ്തകത്തിൽ പറയുന്ന വാക്ക് എന്താണെന്ന് കൂട്ടുകാർക്ക് അറിയാമോ?.. "വെള്ളിത്താലത്തിലെ പൊൻ നാരങ്ങ പോലെ" എന്ന് (സദൃശവാക്യങ്ങൾ:25:11). ഒരു വെള്ളിത്താലത്തിൽ സ്വർണ്ണ നിറമുള്ള ഒരു നാരങ്ങ ഇരുന്നാൽ എന്ത് രസമായിരിക്കും അല്ലേ?.. അതുപോലെ മനോഹരമായിരിക്കണം നമ്മുടെ വാക്കുകൾ.

നമ്മൾ പറയുന്ന ഓരോ വാക്കും ദൈവം കേൾക്കുന്നുണ്ട്.. മാത്രമല്ല അതിനു നമ്മൾ ദൈവസന്നിധിയിൽ കണക്ക് കൊടുക്കേണ്ടി വരും എന്ന് ബൈബിൾ പറയുന്നു.

"മനുഷ്യൻ പറയുന്ന ഏത് നിസ്സാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്ക് ബോധിപ്പിക്കേണ്ടി വരും" (മത്തായി.12:36.) അതുകൊണ്ട് മനോഹരമായി നമുക്ക് സംസാരിക്കാം. "നല്ല വാക്കോതുവാൻ ത്രാണിയുണ്ടാകണം"എന്ന് എല്ലാദിവസവും ദൈവത്തോട് പ്രാർത്ഥിക്കണം..

# ബൈബിൾ ദൈവനിശ്വസ്ത തിരുവെഴുത്തുകൾ

വേദപഠനം



# BIBLE

## The God-breathed Scripture

ബൈബിൾ ദൈവവചനമാണെന്നും ബൈബിളിലൂടെ നമുക്ക് ലഭിച്ചിരിക്കുന്നത് ദൈവിക വെളിപാടുകൾ ആണെന്നും പറയുമ്പോൾ അതിന്റെ ഉറവിടം ദൈവമാണ് എന്ന് സാരം. ദൈവത്തിന്റെ വചനം എങ്ങനെയാണ് മനുഷ്യനിലേക്ക് പകരപ്പെട്ടത്? ദൈവം പറഞ്ഞു കൊടുത്തത് എഴുത്തുകാർ പകർത്തി എഴുതിയതാണോ? അങ്ങനെയല്ല. പകരം ദൈവാത്മാവിന്റെ പ്രേരണയ്ക്കനുസരിച്ച് എഴുത്തുകാർ പ്രവർത്തിച്ചതിന്റെ ഫലമായുണ്ടായ രചനകളാണ് അവ.

2 തിമൊഥെയൊസ് 3:16 "എല്ലാതിരുവെഴുത്തും ദൈവശ്വാസീയമാകയാൽ"

2 പത്രൊസ് 1:20-21: "തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യം തന്നേ അറിഞ്ഞു കൊള്ളേണം. 21 പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ."

അതായത്, നമുക്ക് ലഭിച്ചിരിക്കുന്ന തിരുവെഴുത്തുകൾ എഴുത്തുകാർ അവരുടെ സ്വന്തം ഇഷ്ടത്തിന് അനുസരിച്ചു എഴുതുവാൻ തിരഞ്ഞെടുത്തതോ എഴുതി തീർത്തതോ അല്ല, മറിച്ച് എന്ത് എഴുതണം എന്ന് ഓരോ എഴുത്തുകാരനും ദൈവത്തിന്റെ ആത്മാവ് പ്രേരണ നൽകുകയും ആ പ്രേരണയ്ക്കനുസരിച്ച് മാത്രം എഴുത്തുകാർ അവരവരുടെ ഭാഷയിലും ശൈലിയിലും രേഖപ്പെടുത്തിവച്ചതുമാണ്. മനുഷ്യൻ ദൈവത്തിന്റെ നിയന്ത്രണത്തിൽ ഒരു മാധ്യമമായി പ്രവർത്തിച്ചിരിക്കുന്നു.

ബൈബിളിലെ എല്ലാ പുസ്തകങ്ങളും സമ്പൂർണമായി ദൈവ നിശ്വസ്തത അവകാശപ്പെടുന്നു. മൂലഭാഷയിലെ രചനയ്ക്കാണ് ഈ പ്രത്യേകത ഉള്ളത്. അതിലെ ഓരോ വാക്കുകളും ദൈവ

നിശ്വസ്തമാണ്. ദൈവം താൻ തന്നെ പറഞ്ഞ വാക്കുകളായി തന്നെയാണ് അവ നമുക്ക് ലഭിച്ചിരിക്കുന്നത്.

ബൈബിൾ എഴുത്തുകാർ ആരും തന്നെ തങ്ങളുടെ സ്വന്തം ആശയങ്ങളെ വികസിപ്പിച്ച് ഒരു പുസ്തകമാക്കിയതല്ല. മറിച്ച് ദൈവം എന്ത് പറയണമെന്ന് ഉദ്ദേശിച്ചോ അതിനായി ലഭിച്ച പ്രേരണയ്ക്ക് അനുസരിച്ചു അവർ എഴുതി. തങ്ങൾക്ക് അജ്ഞാതമായതും തങ്ങളുടെ അനുഭവങ്ങൾക്ക് അതീതമായതുമായ വസ്തുതകളെക്കുറിച്ചു എഴുതുവാൻ ഒരു എഴുത്തുകാരൻ മറ്റൊരാളെ ആശ്രയിക്കുന്നതുപോലെ ദൈവിക വെളിപ്പാടുകൾക്കായി ദൈവം തന്നെ മുഖാന്തരമായി. അതിൽ മനുഷ്യന്റെ ആശയങ്ങളെ കൂട്ടി ചേർത്തിട്ടില്ല.

ദൈവം ഉദ്ദേശിച്ച കാര്യങ്ങൾ തെറ്റില്ലാതെ രേഖപ്പെടുത്തുന്നതിന് എഴുത്തുകാരെ സഹായിച്ചത് ആത്മനിശ്വസ്തതയാണ്. ബൈബിളിലെ തെറ്റില്ലായ്മ അത് ദൈവവചനമാണെന്നും ദൈവനിശ്വസ്തമായ തിരുവെഴുത്താണെന്നും തെളിയിക്കുന്നു.

നാല്പതോളം വ്യത്യസ്തരായ എഴുത്തുകാർ വ്യത്യസ്ത കാലഘട്ടങ്ങളിലും പ്രദേശങ്ങളിലും ആയിരുന്നിട്ടും ഓരോ വിഷയവും പരസ്പര പൂരകമായും ബന്ധപ്പെട്ടും വൈരുധ്യങ്ങളില്ലാതെയുമാണ് കാണപ്പെടുന്നത് എന്നത് ആശ്ചര്യമാണ്. ബൈബിളിലെ പുസ്തകങ്ങൾക്കെല്ലാം ഇങ്ങനെ ഒരു ഐക്യരൂപം ഉള്ളതായി കാണുന്നതിന്റെ കാരണം അതിന്റെ പിന്നിലെ ദൈവാത്മനിശ്വസ്തതയാണ്.

ബൈബിൾ പുരാതന ഗ്രന്ഥങ്ങളിൽ നിന്നും കോപ്പിയടിച്ചതാണ് എന്നുള്ള ആധുനിക യുക്തിവാദികളുടെ വാദത്തിനു യാതൊരു പ്രസക്തിയും ഇല്ല. അത് വെറും ഒരു വാദം മാത്രമാണ്. നേരെ മറിച്ചു ബൈബിളിൽ നിന്നും



*ബൈബിളിലെ എല്ലാ പുസ്തകങ്ങളും ഓരോ വാക്കും ദൈവനിശ്വസ്തമാണ്.*

പകർത്തിയ ആശയങ്ങളും സംഭവവിവരണങ്ങളുമാണ് പല പൗരാണിക വിശ്വാസങ്ങളിലും ഗ്രന്ഥങ്ങളിലും കണ്ടെത്താനാകുന്നത്.

**ദൈവശ്വാസീയതിരുവെഴുത്തുകൾ കൊണ്ടുള്ള പ്രയോജനങ്ങൾ**

2 തിമൊഥെയൊസ് 3:16: "എല്ലാതിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകലസൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു 17 ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു."

രക്ഷിക്കപ്പെട്ടവരും ദൈവാത്മാവുള്ളവരുമായ ദൈവമക്കൾക്ക് ആത്മീയജീവിതത്തിൽ വളർച്ച നേടുന്നതിന് ഈ തിരുവെഴുത്തുകളാണ് ആധാരമായി ദൈവം നൽകിയിരിക്കുന്നത്. അതിൽ നമുക്ക് ആവശ്യത്തിനുള്ള ഉപദേശവും, ശാസനങ്ങളും, ഗുണീകരണവും (ശിക്ഷണം,തിരുത്തൽ), നീതിയിലെ അഭ്യസനവും അടങ്ങിയിരിക്കുന്നു. അതുകൊണ്ടു ദൈവവചനം ശരിയായി മനസിലാക്കുകയും പഠിക്കുകയും സംഗ്രഹിക്കുകയും ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്.



# അലങ്കാരം

വീക്ഷണം



അനിത ജെസ്സി ജോൺസൻ

"നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൌമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു. ഇങ്ങനെയല്ലോ പണ്ടു ദൈവത്തിൽ പ്രത്യാശവെച്ചിരുന്ന വിശുദ്ധസ്ത്രീകൾ തങ്ങളെത്തന്നേ അലങ്കരിച്ചു ഭർത്താക്കന്മാർക്കു കീഴടങ്ങിയിരുന്നതു" (1. പത്രോസ്:3: 3 - 5)

വേദപുസ്തകത്തിൽ സ്ത്രീകൾക്കുള്ള അലങ്കാരങ്ങൾ വ്യക്തമാക്കുന്ന ഒരു വേദഭാഗമാണിത്. ഈ ചിന്തയോട് ചേർന്ന് നില്ക്കുന്ന ബൈബിളിലെ ഒരു സ്ത്രീ കഥാപാത്രമാണ് രൂത്ത്.

സ്നേഹത്തിന്റെയും സഹനത്തിന്റെയും വിശ്വാസത്തിന്റെയും ദൈവാശ്രയത്തിന്റെയും ചരിത്രമാണ് രൂത്തിൽ നിന്നും പഠിക്കാനാവുന്നത്. ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളോടും ക്രിയാത്മക സമീപനമായിരുന്നു രൂത്തിനുണ്ടായിരുന്നത്. മൊവാബ്യ യുവതിയായ രൂത്ത്, മഹ്ലോന്റെ ഭാര്യയായി നവോമിയുടെ ഭവനത്തിൽ ജീവിതം ആരംഭിച്ചത് മുതൽ യിസ്രയേലിന്റെ ദൈവത്തെക്കുറിച്ചും എബ്രായരുടെ ജീവിത രീതികളെക്കുറിച്ചും കുടുംബജീവിതത്തിൽ വ്യക്തിബന്ധങ്ങളുടെ നിലനില്പിനെക്കുറിച്ചും പ്രാത്ഥനയുടെ ശക്തിയെക്കുറിച്ചും അവൾ മനസ്സിലാക്കിയിരുന്നു. ആകസ്മികമായുണ്ടായ തന്റെ ഭർത്താവിന്റെ വിയോഗം അവളെ തളർത്തിയി

രുന്നു. ഇത് രൂത്തിന്റെ ജീവിതത്തിൽ ഏറെ വെല്ലുവിളിയുയർത്തിയ സാഹചര്യമായിരുന്നു എന്നിട്ടും അവൾ ആ കുടുംബത്തിൽ തന്നെ ജീവിച്ചു. നവോമിയുടെ ഇളയമകനും മരിച്ചു കഴിഞ്ഞപ്പോൾ ജീവിതം മുന്നോട്ടു കൊണ്ടുപോകുവാൻ അവർക്ക് ബുദ്ധിമുട്ടുകൾ ഏറി വന്നു. അങ്ങനെ നവോമി സ്വദേശമായ ബെത്ലെഹെമിലേക്കു മടങ്ങിപോകുവാൻ ആഗ്രഹിച്ചു. തന്റെ തീരുമാനം മരുമക്കളെ അറിയിച്ചു.

> “ അവൾ ആശ്രയിച്ച യിസ്രയേലിന്റെ ദൈവം അവളെ സഹായിച്ചു കൊണ്ടേയിരുന്നു.

അവർക്കു അവരുടെ സ്വന്ത ഭവനങ്ങളിലേക്കു മടങ്ങി പോകുവാനുള്ള അനുവാദവും കൊടുത്തു. ഇത് രൂത്തിന്റെ ജീവിതത്തിലെ രണ്ടാമത്തെ വെല്ലുവിളി ആയിരുന്നു.

രൂത്തിന് ഒരു ഉറച്ച തീരുമാനം എടുക്കേണ്ട സമയം കൂടിയായിരുന്നു അത്. ഒരു വശത്തു സ്വന്തഭവനവും ദേശവും, മറുവശത്തു തന്റെ ഭർത്താവിന്റെ അമ്മയും അവരുടെ ദേശവും. ഇവിടെ രൂത്ത് ഒട്ടും പതറിയില്ല. അവൾ അമ്മാവിഅമ്മയ്ക്കൊപ്പം നില്ക്കുവാൻ തീരുമാനമെടുത്തു. രൂത്ത് തന്റെ അമ്മാവിയമ്മയോടു പറ്റി നിന്നു. അവരോടൊപ്പം സ്വന്ത ദേശം വിട്ട് ബെത്ലെഹെമിലേക്കു പോകുകയും ചെയ്തു. നൊവോമിക്കൊപ്പം ബെത്ത്ഌേമിലെത്തിയ രൂത്തിനെ കാത്തിരുന്നത് വ്യത്യസ്തമായ ചില അനുഭവങ്ങളായിരുന്നു. വൃദ്ധയായ മാതാവിനും തനിക്കും നിത്യവൃത്തിക്കുള്ള വക അവൾ തന്നെ കണ്ടെത്തേണ്ടി വന്നു. മാതാവിന്റെ അനുവാദത്തോടു കൂടെ അവൾ ജോലി അന്വേഷിച്ചിറങ്ങി. കൊയ്ത്തു നടക്കുന്ന ഒരു വയലിൽ അവൾ എത്തി. തികച്ചും ഈ പുതിയ സാഹചര്യത്തെ ധൈര്യത്തോടെ അവൾ അഭിമുഖീകരിച്ചു. വേല ചെയ്തുകൊണ്ടിരുന്നവരുടെ ഇടയിൽ നടന്നു വീണുകിടക്കുന്ന കതിർ പെറുക്കുവാൻ അനുവാദം ചോദിക്കുവാനും അവൾ മടിച്ചില്ല. എന്നിട്ടു വേഗത്തിൽ അവൾ വേല തുടങ്ങി. അവൾ ആശ്രയിച്ച യിസ്രയേലിന്റെ ദൈവം അവളെ സഹായിച്ചു കൊണ്ടേയിരുന്നു. കതിരുകൾ പെറുക്കികൂട്ടികൊണ്ടിരിക്കുന്ന ഈ യുവതിയെ വയലിന്റെ ഉടമയായ ബോവസ് ശ്രദ്ധിച്ചു. അവളിലെ വേല ചെയ്യുവാനുള്ള ഉത്സാഹം അദ്ദേഹത്തെ അതിശയിപ്പിച്ചു. അവൾക്കു വേണ്ടുന്ന എല്ലാ കരുതലും സഹായങ്ങളും ചെയ്യുവാനായി ബോവാസ് തന്റെ ബാല്യക്കാരോട് പറഞ്ഞു.


യജമാനന്റെ ശ്രദ്ധയെ പിടിച്ചുപറ്റാനായി അവൾക്കു പുറമെയുള്ള ഒരു അലങ്കാരവും ആവശ്യമായിരുന്നില്ല. എന്നാൽ അവളുടെ കഠിനാധ്വാനം, ഉത്സാഹം, സ്നേഹം, അനുസരണം, വിശ്വാസം, അർപ്പണബോധം ഇവയെല്ലാം അടങ്ങുന്ന അക്ഷയ ഭൂഷണത്താൽ അവൾ ശ്രദ്ധിക്കപ്പെട്ടു. ഇത് ദൈവത്തിന്റെ സന്നിധിയിൽ ഏറ്റവും വിലയേറിയതാണ്, അതുകൊണ്ട് ദൈവം അവൾക്കു ധാരാളമായി അനുഗ്രഹങ്ങൾ നൽകുകയും ചെയ്തു. പിൽക്കാലത്തു അവൾ ബോവസിന്റെ ഭാര്യയായി, ഓബേദിന്റെ അമ്മയായി, ദാവീദ് രാജാവിന്റെ വല്യമ്മയായി, ഒടുവിൽ യേശുകർത്താവിന്റെ വംശാവലിയിലും ഉൾപ്പെട്ടു.

രൂത്ത് നമുക്ക് ഒരു മാതൃക തന്നെയാണ്. ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്ക് ഉചിതമാകും വണ്ണം സൽപ്രവർത്തികളെകൊണ്ട് അലങ്കരിക്കപ്പെടുവാനായി (1. തിമൊ: 2 :10) നമുക്ക് നമ്മെ തന്നെ ദൈവകരങ്ങളിൽ സമർപ്പിക്കാം.




യിസ്രായേലിൽ ഒരിക്കൽ കഠിനമായ ഒരു ക്ഷാമം ഉണ്ടായി. ജനങ്ങളെല്ലാം വലഞ്ഞു. പലരും നാടുവിടാൻ തീരുമാനിച്ചു. അക്കൂട്ടത്തിൽ ബെത്ലഹേമിൽ നിന്നും ഒരു കുടുംബവും ഉണ്ടായിരുന്നു.











അങ്ങനെ അവർ ആ ഗ്രാമം വിട്ടു യാത്രയായി.. കില്യോൻ എന്നും മഹ്ലോൻ എന്നും പേരുള്ള രണ്ടു ആൺമക്കൾ അവർക്ക് ഉണ്ടായിരുന്നു.
മോവാബിലെത്തിയ ആ കുടുംബം അവിടെ താമസമാക്കി.
ഏറെ താമസിയാതെ കുടുംബനാഥനായ എലിമെലേക്ക് മരണമടഞ്ഞു.
ദൈവമേ..
കില്യോനും മഹ്ലോനും വളർന്നു
മക്കളേ, നിങ്ങൾക്ക് വിവാഹപ്രായമായി.. നമ്മുക്ക് ഇനി യിസ്രായേലിലേക്ക് പോയി പെൺകുട്ടികളെ അന്വേഷിക്കണോ?
വേണ്ട അമ്മേ, നമുക്ക് ഇവിടെ മോവാബിൽ തന്നെ ഉള്ളവരെ വിവാഹം കഴിക്കാമല്ലോ..
അതെ, മോവാബല്ലേ ഇപ്പോൾ നമ്മുടെ നാട്..




നൊവൊമിയുടെ ദുഖത്തിന് അതിരുകളില്ലായിരുന്നു.. (തുടരും)



# வெள்ளித்தட்டில் வைக்கப்பட்ட பொற்ப்பழம்

Tamil



Sunija Gold

ஒரு நாள் திருமணத்திற்கு வரனை காண்பித்த பெண்ணின் பெற்றோரிடம் ஒரு குட்டி தேவாங்கு போல் இருக்கும் இவனா எனக்கு வரன்! என் தகுதி என்ன அவன் தகுதி என்ன என்றாள். இதை கேட்ட அந்த வரன் மிகவும் ஆத்திரம் உடையவனாய் அவளின் நாவை பிடுங்காமல் விடமாட்டேன் என்று சொல்லி அவளை கழுத்தில் வெட்டி கொலை செய்தானாம். அவளின் ஒரு வார்த்தை அவளின் வாழ்க்கைக்கு முற்றுப்புள்ளி ஆனது.

வேதம் ஒவ்வொரு விசுவாசிகளும் மற்றவர்களிடம் எப்படி பேச வேண்டும் எப்படி பேசக்கூடாது என்று கற்றுத் தருகிறது. சகோதரிகள் அதிகம் பேசுகிறவர்கள். “நீதிமொழிகள் 25:11 ஏற்ற சமயத்தில் சொன்ன வார்த்தை

வெள்ளித்தட்டில் வைக்கப்பட்ட பொற்பழங்களுக்குச் சமானம்". தேவனுடைய பிள்ளைகளும் ஏற்ற சமையத்தில் சரியானதை பேச வேண்டும் அதற்கு வேதத்தில் நிறைய உதாரணங்களை பார்க்கிறோம்.

1 சாமுவேல் 25 வது அதிகாரத்தில் சரியான நேரத்தில் சரியானதை பேசின அபிகாயில் என்ற ஒரு பெண்மணியாரைப் பார்க்க முடியும். அவர் தனக்கும் தன்னுடைய கணவனாருக்கும் தன்னுடைய குடும்பத்துக்கும் நிகழப்போகும் அழிவை புரிந்து கொண்டவர்களாய் சரியான நேரத்தில் சரியானவைகளை பேசியததினால் தானும் தன்னுடைய குடும்பமும் காக்கப்படவும் அவள் ஒரு ராஜாவின் மனைவியாக திகழ்ந்தார்.

எல்லாவற்றிற்கும் நமக்கு மாதிரியாய் திகழ்கிற நம்முடைய இரட்சகராகிய இயேசு கிறிஸ்து தன்னுடைய இகலோக வாழ்க்கையில் தான் ஊழியம் செய்யும்போது சமாரியா பெண்மணியார் தண்ணீர் மொள்ள வந்த போது சரியான நேரத்தில் சரியானவைகளை பேசுனததினால் அவர்களும் அவர்களோடு சேர்ந்து அநேகர் அந்த கிராமத்தில் கிறிஸ்துவை இயேசுவை விசுவாசிக்க நேர்ந்தது, அது மட்டுமல்ல தன்னுடைய வாழ்க்கையிலும் சிலுவை மரணத்திலும் உயிர்த்தெழுதலிலும் சரியான காரியத்தை சரியான நேரத்தில் பேசின நம்முடைய இரட்சகரை நமக்கு பார்க்க முடியும்.

இப்படிப்பட்ட மாதிரிகள் ஏராளம். இவர்கள் சரியான நேரத்தில் சரியானவைகளை பேசினபடியினால் ஒரு வெள்ளி பாத்திரத்தில் ஒரு பொன்னினால் செய்யப்பட்ட பழத்தின் ஒளி எப்படி இருக்குமோ அவ்வளவு ஒளி கொடுக்கிறவர்களாய் இருந்தார்கள்.

இன்றும் விசுவாச சகோதரிகளான நாம் கொலேசியர் 4:6 ன் படி "உங்கள் வசனம் எப்பொழுதும் கிருபை பொருத்தினதாயும் உப்பால் சாரமேறினதுமாய் இருப்பதாக" வார்த்தைகள் எப்போதுமே மற்றவர்களுக்கு ருசியை கொடுப்பதாகவும் வெளிச்சத்தை கொடுப்பதாகவும் காணப்பட வேண்டும் அப்படிப்பட்ட வார்த்தைகளையே பேச வாஞ்சிப்போம்.

## ഗുരുഭാഷ്യം



"ഞാൻ നല്ല ഇടയൻ; പിതാവു എന്നെ അറികയും ഞാൻ പിതാവിനെ അറികയും ചെയ്യുന്നതുപോലെ ഞാൻ എനിക്കുള്ളവയെ അറികയും എനിക്കുള്ളവ എന്നെ അറികയും ചെയ്യുന്നു" (യോഹന്നാൻ: 10:14).

**"I am the good shepherd; I know my sheep and my sheep know me— 15 just as the Father knows me and I know the Father—and I lay down my life for the sheep" (John: 10:14)**







Sheeba Johnson

# Talk Sensibly, Achieve great heights...

Life's grand adventure, and guess what? You've got the ultimate guide—the timeless wisdom of the Bible. Think of this article as your personal roadmap, helping you find the extraordinary in the everyday, conquer challenges, savor victories, and uncover lessons in sacrifice, love, and redemption. Now, here's a golden nugget: speaking sensibly isn't just a skill; it's a powerful tool to please God, shower blessings on yourself, and bear fruit for His purpose. So, let's chat about living victoriously with divine wisdom, where triumphs aren't just moments to embrace; they're opportunities to thrive!

## How do you use your power of word?

Ever thought about the power your words hold? It's not just about connecting, expressing, sharing, influencing, or problem-solving – it's all of that and more. Take a moment to ask yourself: do your words draw a crowd, offering comfort and inspiration? In a world buzzing with technology, the influence of words remains unmatched. Word of mouth still takes the crown; we trust recommendations from people we know over any flashy advertisement. So, here's a thought: let's embrace the timeless wisdom of the Bible. Our words can shape meaningful connections and leave a lasting positive impact during our journey on this earth. Let's make every word count!

Indeed, your words hold significant power, giving you plenty reasons to exercise caution. Let's delve into well-known instances that offer substantial evidence.

- Korah's (Numbers 16) spoken defiance had severe consequence

- Miriam's criticism (Numbers 12) spoke against Moses resulted in God's intervention.

- The Israelites' Grumbling (Numbers 14) despite witnessing God's resulted in God's judgment, condemning

that generation to wander in the wilderness.

- Ananias and Sapphira's Deceit (Acts 5) through a lie was severely punished

- King Herod's Blasphemy (Acts 12) was struck by God as a consequence of wrongfully taking credit for divine attributes.

- Job's friends, while initially offering support, later spoke wrongly about God's intentions and Job's suffering.

## Some Positive impacts to learn from.

- A well-known fact about (1 Kings 3:9-10) Solomon's well-spoken words with God.

- Our Lord Jesus Christ's Teachings was the epitome of wisdom, used parables, metaphors, and direct teachings to convey profound spiritual truths. His words continue to inspire and guide millions even today. Try to follow His path to reap the benefits of wisdom and heavenly blessings

**Do you use your words ….?**

- To inspire and uplift, fostering a good vibe. - 1 Thessalonians 5:11.

- To respect, recognize the inherent value in others - Luke 6:31

- To respond in calm and measured manner. - Proverbs 15:1.

- Count those blessings! Express gratitude. Every win, big or small, deserves a shout-out. - 1 Thessalonians 5:18.

- To allow reconciliation and healing - Colossians 3:13

- To speak with empathy, understand other's emotions and experiences - Romans 12:15.

- To declare victory and success through faith - Philippians 4:13.

Let's talk about something that can truly elevate our lives – leveraging the wisdom from the Bible. It's not just about ancient teachings; it's about practical, real-life strategies that can help us talk sensibly and reach great heights in everything we do.

- First up, Proverbs 16:24 teaches us to choose words that are kind and gracious. Imagine the impact if we all communicated with respect and empathy. It's a game-changer, right?

- Then there's Proverbs 15:1 nudging us to practice active listening and approach conversations with humility. Everyone's got a story, and every perspective is valuable – that's the beauty of it.

- Colossians 4:6 chips in with a golden nugget: let's be intentional with our words. Our conversations can be full of grace and wisdom, making every interaction count.

- Ephesians 4:29 reminds us to be builders – not just of structures but of people. Imagine a world where our words uplift and encourage. It's a world worth creating.

- And let's not forget the wisdom of seeking advice, striving for excellence, embracing resilience, and valuing meaningful relationships. These aren't just principles; they're a roadmap to personal and professional growth.

- So, here's the deal: let's bring integrity into every action, aligning our words with our deeds (Proverbs 10:9). And in the midst of it all, let's cultivate a spirit of gratitude (1 Thessalonians 5:18).

Bringing Bible wisdom into our daily lives isn't just a nice idea; it's a powerhouse move. It's the secret sauce to powerful communication and personal growth. So, here's to reaching new heights – together.




ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹബന്ധം കൂടുതൽ ഊഷ്മളമാക്കുവാൻ സഹായിക്കുന്ന 5 സ്നേഹഭാഷകളെപ്പറ്റിയുള്ള മനഃശാസ്ത്രപഠനഗ്രന്ഥമാണിത്. ഏതൊക്കെയാണ് ഈ 5 സ്നേഹഭാഷകൾ? സ്വന്തം ജീവിതപങ്കാളിയുടെ സ്നേഹഭാഷ എങ്ങനെ തിരിച്ചറിയാൻ കഴിയും? ആ ഭാഷയിൽ എങ്ങനെ സ്നേഹം പങ്കുവെക്കാനാവും? എങ്ങനെ സ്നേഹം ഏറ്റുവാങ്ങാനാവും? ജീവിതത്തിൽ എങ്ങനെ വിജയം കൈവരിക്കാം? മനുഷ്യബന്ധങ്ങളിലുണ്ടാകാനിടയുള്ള അപകടങ്ങൾ എങ്ങനെ ഒഴിവാക്കാം? നമ്മുടെ ചുറ്റുപാടുകളിൽ കാണുന്ന ഒട്ടേറെ ഉദാഹരണങ്ങൾ ഉദ്ധരിച്ചുകൊണ്ട്, ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം ഈ ഗ്രന്ഥം നൽകുന്നു. ഇതിന്റെ വായന താങ്കളുടെ ജീവിതത്തെ ഉടച്ചുവാർക്കും, സംശയമില്ല.

ചിത്രത്തിൽ ക്ലിക്ക് ചെയ്താൽ പ്രസാധകരുടെ വെബ്സൈറ്റിൽ നിന്നും പുസ്തകം ഒർഡർ ചെയ്യാം.



കത്തോലിക്കാ കുടുംബത്തിൽ ജനിച്ചു വളരുകയും കർത്താവിന്റെ മണവാട്ടിയായി കന്യാസ്ത്രീയായി ജീവിതം ആഗ്രഹിക്കുകയും ചെയ്ത പ്രസന്ന, യഥാർത്ഥ മണവാട്ടിസഭയുടെ അംഗമായി - രക്ഷ നേടി. പ്രവൃത്തിയാൽ നേടിയെടുക്കുവാൻ ശ്രമിച്ച രക്ഷ വിശ്വാസത്താൽ കണ്ടെത്തിയ കഥ. സഹോദരി പ്രസന്ന മാത്യുവിന്റെ ജീവിത സാക്ഷ്യം. വീഡിയോ കാണുവാൻ ചിത്രത്തിൽ ക്ലിക്ക് ചെയ്യുക

To read, listen, share & download, visit:
www.sodari.in

Printed at Ebenezer Printpack, Thrissur. Edited, printed and published by: Lovely George, Pallickal House, Kariamplavu P.O, Koattanadu, Pathanamthitta - 689615. For private circulation only.